**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1320** **30-08-2022 - ൽ മറുപടിയ്ക്ക്**

**അരുവിക്കര ഡാമിന്റെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിലൊന്നായ അരുവിക്കര ഡാമിന്റെ വികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാനസൗകര്യ വികസനത്തിനും സൗന്ദര്യവൽക്കരണത്തിനുമായി നടത്തിവരുന്ന വിവിധ പദ്ധതികളെ കുറിച്ച് ഫണ്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ; | (എ) | അരുവിക്കര ഡാമിൽ എത്തുന്ന സഞ്ചാരികൾക്ക് അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനും ഡാമിന്റെ സൗന്ദര്യവൽക്കരണത്തിനുമായി 2017 കാലയളവിൽ 1,70,00,000/- ( ഒരു കോടി എഴുപത് ലക്ഷം രൂപ മാത്രം) രൂപയുടെ ഒരു പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. M/s. Habitat Technology Group ആണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയതും നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നതും. എന്നാൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും NOC ലഭിക്കാത്തതിനാൽ പദ്ധതി നാളിതുവരെ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | ഒരു തീർത്ഥാടനകേന്ദ്രം കൂടിയായ ഇവിടേക്ക് എത്തുന്ന ടൂറിസ്റ്റുകൾക്കും തീർത്ഥാടകർക്കും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും കൂടുതൽ വിനോദസഞ്ചാരികളെ ഇവിടേക്ക് ആകർഷിക്കുന്നതിനും തക്കവിധത്തിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ